ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) വടക്കുകിഴക്കൻ മേഖല രാജ്യത്തിന്റെ വളർച്ചാകേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ; മിസോറാമിൽ ഒമ്പതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി വെർച്വലായി തുടക്കം കുറിച്ചു.

**Prime Minister Modi said that North East is becoming the growth engine of the country. PM today virtually laid the foundation stone and inaugurated various development projects worth over nine thousand crore rupees at Aizawl, Mizoram.**

2) നേപ്പാളിലെ ഇടക്കാല സർക്കാർ രൂപീകരണത്തെ സ്വാഗതം ചെയ്ത് ഇന്ത്യ ; ഇടക്കാല പ്രധാനമന്ത്രി സുശീലാ കർക്കിക്ക് ആശംസകൾ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**India welcomes formation of new Interim government in Nepal. Prime Minister Narendra Modi has extended best wishes to Ms Sushila Karki on assuming office as the Prime Minister of the Interim Government.**

3) കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത തുടരുന്നു ; കോഴിക്കോട് ഒരാളെ കൂടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

**Vigil continues in Kerala against Amoebic meningoencephalitis; One more person admitted to hospital in Kozhikode.**

4) 2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാൻ ഇനി രണ്ട് ദിവസം മാത്രം.

**Only two days left to file income tax returns for the financial year 2024–25.**

5) ജീവൻ രക്ഷിക്കുന്നതിൽ പ്രഥമശുശ്രൂഷയുടെ പ്രാധാന്യത്തെ ഓർമിപ്പിച്ചു കൊണ്ട് ഇന്ന് ലോക പ്രഥമ ശുശ്രൂഷാ ദിനം.

**Today is World First Aid Day, a reminder on the importance of first aid in saving lives.**

6) ഇരുപതാമത് ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ജപ്പാനിൽ തുടക്കം ; ഹോങ്കോംഗ് ഓപ്പൺ ബാഡ്മിന്റണിൽ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ.

**20th World Athletics Championships begin in Tokyo, Japan. In badminton, India's men's doubles Satwiksairaj – Chirag Shetty pair stormed into the final of the Hong Kong Open.**

************************

## PM – MIZORAM VISIT (INTRO)

ലോകത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മിസോറാമിലെ ഐസ്വാളിൽ ഒമ്പതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വടക്കുകിഴക്കൻ മേഖല രാജ്യത്തിന്റെ വളർച്ചാകേന്ദ്രമായി മാറുകയാണ്. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കരണത്തിലൂടെ നിത്യോപയോഗ വസ്തുക്കളുടെ നികുതി നിരക്ക് കുറച്ചത് സാധാരണക്കാരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുമെന്ന് ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്)

സർക്കാരിന്റെ ആക്റ്റ് ഈസ്റ്റ് നയത്തിലും വടക്കുകിഴക്കൻ സാമ്പത്തിക ഇടനാഴിയിലും മിസോറാം സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. മിസോറാമിൽ മൂന്ന് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ളാഗ് ഓഫും അദ്ദേഹം നിർവഹിച്ചു. ബൈരാബി-സൈരംഗ് പുതിയ റെയിൽവേ പാത

വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുമെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

***********************

## PM - ASSAM

മണിപ്പൂരിൽ 8,500 കോടിയി ലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം നാടിന് സമർപ്പിക്കും. തുടർന്ന് അസം തലസ്ഥാനമായ ഗുവാഹത്തിയിൽ എത്തുന്ന അദ്ദേഹം ഡോ. ഭൂപൻ ഹസാരികയുടെ 100-ാം ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കും. തിങ്കളാഴ്ച പശ്ചിമ ബംഗാൾ തലസ്ഥാനമായ കൊൽക്കത്തയിൽ 16-ാമത് കമ്പൈൻഡ് കമാൻഡേഴ്സ് കോൺഫറൻസ് ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ബിഹാറിൽ പൂർണിയ വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ കെട്ടിടവും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും.

***********************

## GST REFORMS-NIL TAX

പരിഷ്കരിച്ച ജിഎസ്ടി ഇളവുകൾ ഈ മാസം 22 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വരും. ഉയർന്ന താപനിലയിൽ സംസ്കരിച്ച പാൽ, പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ, ബ്രാൻഡ് ചെയ്യാത്ത അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ, എല്ലാത്തരം ബ്രെഡുകൾ എന്നിവ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിന് പുറമെ ആരോഗ്യ ഇൻഷുറൻസ് പ്രീമിയങ്ങൾക്കും ജിഎസ്ടിയില്ല.

***********************

## GST REFORMS-FOOD ITEMS

ജി.എസ്.ടി പരിഷ്കാരങ്ങളിലൂടെ ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെയും സ്റ്റേഷനറികളുടെയും വില കുറയുമെന്നത് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ഏറെ ഗുണം ചെയ്യുമെന്ന് കേന്ദ്ര സർക്കാർ. ചീസ്, ബിസ്കറ്റ്, ചോക്ലേറ്റ് എന്നിവയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ ജി എസ് ടി 5 ശതമാനമായി കുറച്ചു. പെൻസിൽ, ഷാർപ്പനർ, ക്രയോൺ, ഇറേസർ,നോട്ട്ബുക്ക് തുടങ്ങിയവയും ജിഎസ്.ടി ഒഴിവാക്കിയതിൽ ഉൾപ്പെടുന്നു.

***********************

## NEPAL PM

നേപ്പാളിൽ ഇടക്കാല പ്രധാനമന്ത്രിയായി മുൻ ചീഫ് ജസ്റ്റിസ് സുശീലാ കർക്കി അധികാരമേറ്റു. നേപ്പാളിലെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് കർക്കി. ജെൻ സി പ്രതിനിധികൾ ഉൾപെടെയുള്ളവരുമായി നടത്തിയ മൂന്ന് ദിവസത്തെ ചർച്ചകൾക്ക് ഒടുവിലാണ് സുശീലാ കർക്കിയെ ഇടക്കാല പ്രധാനമന്ത്രിയാക്കാൻ തീരുമാനമായത്. അതേസമയം, നേപ്പാളിൻറെ ഇടക്കാല പ്രധാനമന്ത്രിക്ക ആശംസകൾ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നേപ്പാളിലെ ജനങ്ങളുടെ സമാധാനത്തിനും പുരോഗതിക്കും ഇന്ത്യയുടെ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

***********************

## MEA-NEPAL

നേപ്പാളിലെ ഇടക്കാല സർക്കാർ രൂപീകരണത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. നേപ്പാളിൽ സമാധാനവും സ്ഥിരതയും പുനസ്ഥാപിക്കുന്നതിന് സർക്കാർ രൂപീകരണം സഹായകമാകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ-നേപ്പാൾ ക്ഷേമത്തിനായി പ്രവർത്തിക്കുമെന്നും മന്ത്രാലയം

വ്യക്തമാക്കി. അതേസമയം നേപ്പാൾ അതിർത്തിയിൽ കുടുങ്ങിയ മലയാളികളിലെ 15 പേരുടെ സംഘം കേരളത്തിൽ തിരിച്ചെത്തിയതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു.

***********************

## REV KARNATAKA-ACCIDENT

കർണാടകയിലെ ഹസൻ ജില്ലയിലുണ്ടായ അപകടത്തിൽ 9 പേർ മരിച്ചു. 18 ലധികം പേർക്ക് പരിക്കേറ്റു. ഗണേശ വിഗ്രഹ നിമജ്ജനത്തിൽ പങ്കെടുത്ത ജനക്കൂട്ടത്തിലേക്ക് ടാങ്കർ ലോറി നിയന്ത്രണം വിട്ട് ഇടിച്ചുകയറിയാണ് അപകടം ഉണ്ടായത്. പ്രധാനമന്ത്രി നരേന്ദ്ര മോദി സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ വീതം സഹായധനം നൽകുമെന്നും പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

***********************

## INCOME TAX RETURN

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയപരിധി മറ്റെന്നാൾ അവസാനിക്കും. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

***********************

## SOLDIER - CREMATION

ഡെറാഡൂണിലെ ഇന്ത്യൻ സൈനിക അക്കാദമിയിലെ പരിശീലനത്തിനിടെ ജീവൻ നഷ്ടമായ തിരുവനന്തപുരം പാപ്പനംകോട് സ്വദേശി ഓഫീസർ കേഡറ്റ് എസ്. ബാലുവിൻറെ സംസ്കാരം തൈക്കാട് ശാന്തി കവാടത്തിൽ പൂർണ സൈനിക ബഹുമതികളോടെ നടന്നു. രാവിലെ വസതിയിൽ പൊതു

ദർശനത്തിന് വച്ച ഭൗതിക ദേഹത്തിൽ മന്ത്രി വി ശിവൻകുട്ടി ഉൾപ്പെടെ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു. ഇന്നലെ തിരുവനന്തപുരത്തെത്തിച്ച ഭൗതിക ദേഹം പാങ്ങോട് മിലിട്ടറി സ്റ്റേഷനിലെ മുതിർന്ന ഉദ്യോഗസ്ഥരും സംസ്ഥാന സർക്കാർ പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി.

***********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***********************

## URBAN CONCLAVE

കേരളത്തിൻറെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള അർബൻ കോൺക്ലേവിന് ഇന്ന് കൊച്ചിയിൽ സമാപനമാകും. സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. ഐക്യ രാഷ്ട്രസഭയുടെ ഇന്ത്യൻ റെസിഡൻറ് കോ-ഓർഡിനേറ്റർ ഷോംബി ഷാർപ്പ് മുഖ്യാതിഥിയാകും.

***********************

## AMOEBIC (INTRO)

അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കേരളത്തിൽ ശക്തമായ ജാഗ്രത തുടരുകയാണ്. രോഗം ബാധിച്ച് ഒരാളെ കൂടി കോഴിക്കോട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം അരീക്കോട് സ്വദേശി പത്ത് വയസുള്ള കുട്ടിക്കാണ് പുതുതായി രോഗബാധ റിപ്പോർട്ട് ചെയ്തത്. ആകെ 11 പേരാണ് നിലവിൽ ചികിത്സയിലുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു.........**

(വോയിസ്)

***********************

## WELLNESS CLINIC – VEENA GEORGE

കേരളത്തിൽ സ്ത്രീകൾക്കായുള്ള പ്രത്യേക വെൽനസ് ക്ലിനിക് പദ്ധതിക്ക് ചൊവാഴ്ച തുടക്കമാകും. വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിംഗ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കണ്ടെത്താൻ ഇതിലൂടെ സാധിക്കും. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ചൊവ്വാഴ്ചകളിലായിരിക്കും ക്ലിനിക്കുകളുടെ പ്രവർത്തനം.

***********************

## ATHLETICS CHAMPIONSHIPS

ഇരുപതാമത് ലോക അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ജപ്പാനിലെ ടോക്കിയോയിൽ തുടക്കമായി. പുരുഷൻമാരുടെ 35 കിലോമീറ്റർ നടത്തത്തിൽ കാനഡ സ്വർണവും ബ്രസീൽ വെള്ളിയും നേടി. വനിതകളുടെ 1500 മീറ്റർ ഓട്ടത്തിൽ ഇന്ത്യയുടെ എഷ്യൻ ചാമ്പ്യൻഷിപ്പ് വെള്ളി മെഡൽ ജേതാവ് പൂജ ഇന്ന് മത്സരിക്കും. ഈ മാസം 18 വരെയാണ് ചാമ്പ്യൻഷിപ്പ്.

***********************

## BADMINTON

ഹോങ്കോംഗ് ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് ജോഡിയായ സാത്വിക്സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ കടന്നു. ഇന്ന് രാവിലെ നടന്ന സെമിഫൈനലിൽ ചൈനീസ് തായ്പേയി താരങ്ങളെയാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസ്

സെമിഫൈനലിൽ ഇന്ന് ഇന്ത്യയുടെ ലക്ഷ്യ സെൻ ചൈനീസ് തായ്പേയി താരത്തെ നേരിടും.

**********************

## ASIA CUP CRICKET

ഏഷ്യ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ബംഗ്ലാദേശ് ശ്രീലങ്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് അബുദാബിയിൽ ഷെയ്ഖ് സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. നാളെയാണ് ഇന്ത്യ - പാകിസ്ഥാൻ മത്സരം.

**********************

## WORLD FIRST AID DAY

ഇന്ന് ലോക പ്രഥമ ശുശ്രൂഷാ ദിനം. ജീവൻ രക്ഷിക്കുന്നതിൽ പ്രഥമശുശ്രൂഷയുടെ പങ്കിനെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്, എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ രണ്ടാം ശനിയാഴ്ച ലോക പ്രഥമശുശ്രൂഷാ ദിനമായി ആചരിക്കുന്നത്. "പ്രഥമശുശ്രൂഷയും കാലാവസ്ഥാ വ്യതിയാനവും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

**********************

## TRUMP-TARIFFS

റഷ്യയിൽ നിന്നുള്ള എണ്ണ വാങ്ങുന്നതിന് ഇന്ത്യയ്ക്ക് മേൽ ഉയർന്ന തീരുവ ചുമത്താനുള്ള തീരുമാനം ഇന്ത്യയുമായുള്ള ബന്ധം വഷളാക്കിയെന്ന് സമ്മതിച്ച് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എന്നാൽ ഇന്ത്യയുമായി തുടരുന്ന വ്യാപാര ചർച്ചകളിൽ അദ്ദേഹം ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയ്ക്ക് മേൽ 50 ശതമാനം തീരുവ ചുമത്തുന്നത് എളുപ്പമല്ലെന്ന് ഒരു സ്വകാര്യ ടി.വി ചാനലിന് നൽകിയ അഭിമുഖത്തിൽ പ്രസിഡന്റ് ട്രംപ് പറഞ്ഞു.

**********************

## INDIA-UN PALESTINE

പലസ്തീൻ പ്രശ്നം സമാധാനപരമായി പരിഹരിക്കുന്നതിനും ദ്വിരാഷ്ട്ര പരിഹാരം നടപ്പിലാക്കുന്നതിനുമുള്ള **'ന്യൂയോർക്ക് പ്രഖ്യാപനത്തെ'** യു.എൻ പൊതുസഭയിൽ അനുകൂലിച്ച് ഇന്ത്യ. ഫ്രാൻസ് ഇന്നലെ അവതരിപ്പിച്ച പ്രമേയത്തെ 142 രാജ്യങ്ങൾ അനുകൂലിച്ചപ്പോൾ 10 രാജ്യങ്ങൾ എതിർത്തു. 12 രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു.

**********************

## AFGHANISTAN-UAE

ഭൂകമ്പം നാശം വിതച്ച അഫ്ഗാനിസ്ഥാന് യു എ ഇയുടെ കൈത്താങ്ങ്. 2,500 ടൺ അവശ്യവസ്തുക്കൾ വഹിച്ചു കൊണ്ടുള്ള കപ്പൽ അഫ്ഗാനിസ്ഥാനിലേക്ക് പുറപ്പെട്ടു. ഭക്ഷ്യവസ്തുക്കൾ, മരുന്ന് ഉൾപ്പെടെയുള്ള വസ്തുക്കളുമായി യു എ ഇ പ്രസിഡന്റ് ഷെയ്ഖ് മൊഹമ്മദ് ബിൻ സയ്യിദ് അൽ നെഹ്യാന്റെ നിർദേശപ്രകാരമാണ് അബുദാബിയിൽ നിന്ന് കപ്പൽ പുറപ്പെട്ടത്. ഇതിന് പുറമെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള മാനുഷിക സഹായവും യു എ ഇ നൽകുന്നുണ്ട്.

*******************************************************************